# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1342** **15.6.2012-ൽ മറുപടിക്ക്**

**ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക സഹായം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) തുടർച്ചയായി 7-ാം തവണയും ശുചിത്വ പരിപാലനത്തിന് പുരസ്കാരം നേടിയ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്കാകെ മാതൃകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്ക് ഉണ്ടായിട്ടുള്ള ബാദ്ധ്യതകൾ സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതിൻമേൽ ഇതുവരെ എന്തൊക്കെനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി) മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ആറ്റിങ്ങൽ നഗരസഭയ്ക്ക് ഉണ്ടായിട്ടുളള ബാധ്യതൾ 29-2-12-ന് വ്യവസായവും, വിവരസാങ്കേതികവും, നഗരകാര്യ വകുപ്പു മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽ ഉണ്ടായിട്ടുളള പോരായ്മകൾ വിലയിരുത്തി അവ പരിഗണിക്കാനുളള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) 2012-ൽ പ്രസ്തുത മുനിസിപ്പാലിറ്റിയ്ക്ക് ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ ? | സി) ആറ്റിങ്ങൽ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് ആധുനികവൽക്കരിച്ച് കുറ്റമുക്തമാക്കുന്നതിലേക്ക് 99.48 ലക്ഷം രൂപ ശുചിത്വ മിഷൻ വഴി 23-3-2012ലും, ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ മാലിന്യസംസ്കരണയൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി 4845,000/- രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആയതിന് സർക്കാർ വിഹിതമായ 24,22,500/- രൂപ 23/3/12 ന് ശുചിത്വമിഷൻവഴി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ